No. 71/E16/2017

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം:ഡിബി3-5608/13/സിഇ/തസ്വഭവ

തീയതി : 03.06.2017

## സർക്കുലർ

വിഷയം:- എഞ്ചിനീയറിംഗ് പ്രോജക്ടുകൾ ഡാറ്റാ എൻട്രി നടത്തി ഡി.പി.സി അംഗീകാരം വാങ്ങിക്കുന്നത് സംബന്ധിച്ച്

സൂചന:-
1) ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ മുഖാന്തിരം കൺസോളിഡേഷൻ റിപ്പോർട്ട്
2) ഈ ഓഫീസിലെ പ്ലാൻ മോണിറ്ററിംഗ് സിസ്റ്റം (ഗൂഗിൾ ഷീറ്റ്)-ൽ നിന്നും ലഭിച്ച റിപ്പോർട്ട്
3) 02.06.2017-ലെ ഗവ. സെക്രട്ടറിയുടെ നിർദ്ദേശം
4) 01.06.2016-ലെ 1810/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ലഭിക്കേണ്ട അവസാന തീയതി 31/05/2017 ആയി സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. 23/05/2017-ൽ ഈ ആഫീസിൽ ചേർന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ നിശ്ചിതസമയത്തിനകം ഡാറ്റാ എൻട്രി നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നതാണ്. ഇക്കാര്യത്തിൽ കാലതാമസം വരുകയാണെങ്കിൽ വ്യക്തമായ കാര്യകാരണസഹിതം തസ്വഭവ സ്ഥാപന അദ്ധ്യക്ഷൻ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിരുന്നതാണ്. പ്രസ്തുത വിവരം ഈ ആഫീസിനെ അറിയിക്കുവാനും നിർദ്ദേശിച്ചിരുന്നു. ഈ രംഗത്തെ പുരോഗതി ഐ.കെ.എം പ്ലാൻ മോണിറ്ററിംഗ് സംവിധാനം, ഈ ഓഫീസിലെ പ്ലാൻ മോണിറ്ററിംഗ് സംവിധാനം എന്നിവ മുഖേന പരിശോധിച്ചതിൽ ഈ കാര്യത്തിൽ നേടിയ പുരോഗതി നാമമാത്രമാണെന്ന് കാണുന്നു. ഈ ആഫീസിലെ വെബ്സൈറ്റിൽ പ്ലാൻ മോണിറ്ററിംഗ്-ന് വേണ്ടി തയ്യാറാക്കിയ സംവിധാനത്തിൽ പല തസ്വഭവ സ്ഥാപനങ്ങളും ഒന്നും രേഖപ്പെടുത്തിയതായും കാണുന്നില്ല.

02/06/2017-ൽ ഗവൺമെന്റ് സെക്രട്ടറി ടി കാര്യം വിശദമായി ചർച്ച ചെയ്യുകയും, ഈ വീഴ്ചകൾ ഗുരുതരമായ കൃത്യവിലോപവും, അച്ചടക്കലംഘനവുമായി കണക്കാക്കി നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ

/ എക്സിക്യുട്ടീവ് എഞ്ചിനീയർമാർ 06/06/2017 വൈകിട്ട് 4 മണിക്ക് മുൻപ് ഈ ആഫീസിന്റെ വെബ് സൈറ്റിലെ ഗൂഗിൾ ഷീറ്റ് (Proforma P-1000 to P-1006) മുഖേന യുള്ള സംവിധാനത്തിൽ നിലവിലെ പുരോഗതിയും, കാലതാമസങ്ങൾക്കുള്ള കാര്യകാരണ സഹിതം രേഖപ്പെടുത്തേണ്ടതും, കൺസോളിഡേറ്റഡ് റിപ്പോർട്ട് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഈ ആഫീസിനെ അറിയിക്കേണ്ടതുമാണ്. 07/06/2017-ന് നടക്കുന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയിലും, 09/06/2017-ൽ നിശ്ചയിച്ചിട്ടുള്ള വീഡിയോ കോൺഫറൻസിലും ഈ വിഷയത്തിൽ ചർച്ച നിശ്ചയിച്ചിട്ടുള്ളതിനാൽ മേൽ കാര്യത്തിലുണ്ടകുന്ന വീഴ്ച ഗുരുതരമായി കണക്കാക്കുന്നതും, വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതുമാണ്. 15/06/2017-നകം മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എഞ്ചിനീയറിംഗ് പദ്ധതിയിൽ ഡി.പി.സി അംഗീകാരം ലഭിച്ചുവെന്ന് ബന്ധപ്പെട്ട എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ചീഫ് എൻജിനീയർ

P 940